**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6052** **09-07-2024 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി ഉല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും കശുവണ്ടി കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും കശുവണ്ടി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും കശുവണ്ടി കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായി 2007-ൽ സർക്കാർ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC) രൂപീകരിച്ചു. കാർഷിക സർവ്വകലാശാല, മറ്റ് ഗവേഷണ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിച്ച അധികം പടരാത്ത ഉയരം കുറഞ്ഞ അത്യുൽപാദന ശേഷിയുള്ള മൂന്നാം വർഷം മുതൽ കായ്ഫലം തരുന്ന ഗ്രാഫ്റ്റ് തൈകളാണ് കശുമാവ് കൃഷി വ്യാപനത്തിനായി കെ.എസ്.എ.സി.സി വിതരണം ചെയ്യുന്നത്. സർക്കാർ/ അർദ്ധ സർക്കാർ, ഡി.സി.സി.ഡി തുടങ്ങിയ അംഗീകൃത നഴ്സറികളിൽ നിന്നും കശുമാവ് ഗ്രാഫ്റ്റ് തൈകൾ വാങ്ങി കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ജൈവ കശുമാവ് കൃഷിയും തോട്ടണ്ടി ബാങ്ക് സംഭരണവും' എന്ന സംസ്ഥാന പ്ലാൻ പദ്ധതിയിലൂടെ ഇത് നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാർ സ്ഥാപനമായ ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കോ ഡെവലപ്പ്മെന്റ് (DCCD) യുടെ കണക്ക് പ്രകാരം 2023-24-ൽ കശുമാവ് കൃഷിയുടെ വിസ്തൃതി 108960 ഹെക്ടർ ആയി വർദ്ധിക്കുകയും 76120 മെട്രിക് ടൺ നാടൻ കശുവണ്ടി ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. KSACC യുടെ പ്രവർത്തന ഫലമായി 9605023 തൈകൾ 46069.4912 ഹെക്ടർ സ്ഥലത്ത് വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം KSACC 5,91,000 കശുമാവ് തൈകൾ 2310 ഹെക്ടർ സ്ഥലത്തേക്ക് വിവിധ പദ്ധതികളിലായി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുകയും ജൂൺ മാസം മുതൽ വിതരണം ആരംഭിക്കുകയും 1,50,000 തൈകൾ കർഷകർ, സ്ഥാപനങ്ങൾ |

മുതലായവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഉൽപ്പാദനത്തിൽ ഇതുവഴി സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുവാൻ കെ.എസ്.എ.സി.സി ക്ക് സാധിച്ചിട്ടുണ്ട്.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം ലക്ഷ്യമിട്ട് പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ച് അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും കശുമാവ് തൈകൾ കശുമാവ് കർഷകർക്കും കശുമാവ് കൃഷി വികസന ഏജൻസിക്കും 50 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500 ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ടം പദ്ധതിയിൽപ്പെടുത്തി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികളിലും കശുമാവ് നഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാന സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/സർക്കാർ ഫാമുകൾ, കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംഭരിക്കുന്ന നാടൻ തോട്ടണ്ടിയ്ക്ക് നൽകേണ്ട ഉയർന്ന വില നിർണ്ണയിക്കുന്നതിന് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി സർക്കാർ വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2024-ലെ കശുവണ്ടി സീസണിൽ സംഭരിക്കേണ്ട നാടൻ തോട്ടണ്ടിയുടെ ഉയർന്ന വില രൂപ 105/ കി.ഗ്രാം ആയി നിർണ്ണയിക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ഫാമുകളും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളും കർഷകരും ഉൽപാദിപ്പിക്കുന്ന കശുവണ്ടി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ സംഭരിക്കുന്നു. കൂടാതെ സഹകരണ ബാങ്കുകൾ സംഭരിച്ച് നൽകുന്ന തോട്ടണ്ടിയും കശുവണ്ടി വികസന കോർപ്പറേഷൻ വാങ്ങുന്നുണ്ട്. ഈ വർഷം നാളിതുവരെ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച

| |
|---|
| ഏകദേശം 60 മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ